കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 1 | ലക്കം 23 | ഏപ്രിൽ 30 , 2017

അകത്താളുകളിൽ

2

ബയോടെക്നോളജി ലാബ് ശാക്തീകരിക്കും - കൃഷിമന്ത്രി

5
കർഷക പെൻഷൻ കുടിശ്ശിക തുക അനുവദിച്ചു

7

റബ്ബർ - ഉത്പാദനലക്ഷ്യം കവിഞ്ഞു




## മികച്ച കാർഷികപ്രവർത്തനം കാഴ്ചവയ്ക്കുന്ന റസിഡന്റ് അസോസിയേഷനുകൾക്ക് സമ്മാനം : അഡ്വ. വി.എസ്. സുനിൽകുമാർ

ഈ വർഷം മുതൽ മികച്ച കാർഷികപ്രവർത്തനം കാഴ്ചവയ്ക്കുന്ന റസിഡന്റ് അസോസിയേഷനുകൾക്ക് കൃഷിവകുപ്പ് സംസ്ഥാനതലത്തിൽ അവാർഡുകൾ നൽകുന്നതായിരിക്കുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. തിരുവനന്തപുരം നഗരസഭ സംഘടിപ്പിച്ച കാർഷിക- വ്യവസായിക വിജ്ഞാന- വിപണനമേളയായ വിഷുക്കണി 2017 ൽ കാർഷിക സ്റ്റാളുകളുടെ ഉത്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏപ്രിൽ 20 മുതൽ മെയ് 7 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തിലാണ് വിപണനമേള സംഘടിപ്പിച്ചത്.

നഗരപ്രദേശങ്ങളിലെല്ലാം തന്നെ കൃഷി വ്യാപിപ്പിക്കണമെന്നും സ്വന്തം ആവശ്യത്തിനുള്ളവ ഉത്പ്പാദിപ്പിക്കുന്നതിന് സമയം കണ്ടെത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു. നഗരമാലിന്യങ്ങൾ സംസ്ക്കരിച്ച് കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയണം. കൃഷിവകുപ്പ് ഇതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.2200 കോടിരൂപയുടെ പച്ചക്കറികളാണ് നാം പ്രതിവർഷം ഇറക്കുമതി ചെയ്യുന്നത്. കഴിക്കുന്ന ആഹാരത്തിന്റെ കുറച്ചെങ്കിലും സ്വന്തമായി ഉത്പാദിപ്പിക്കുക എന്നത് ഓരോ പൗരന്റേയും ഉത്തരവാദിത്വമായി കാണണമെന്നും മന്ത്രി പറഞ്ഞു.

വിപണനമേളയുടെ ഉദ്ഘാടനം സഹകരണ-ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ നിർവഹിക്കുകയുണ്ടായി. ചടങ്ങിന് തിരുവനന്തപുരം നഗരസഭ മേയർ അഡ്വ. വി.കെ പ്രശാന്ത് സ്വാഗതം പറഞ്ഞു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ കൗൺസിലർ വഞ്ചിയൂർ പി. ബാബു, ജി. ജയശ്രീ തുടങ്ങിയവർ സംസാരിച്ചു.

## സമ്മർ ഇൻ സമേതി





ഫാം ഇൻഫർമേഷൻബ്യൂറോ പ്രസിദ്ധീകരിച്ച "കൃഷി പാഠാവലി - കുട്ടികൾക്കൊരു കൈപ്പുസ്തകം" കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ സമ്മർ ഇൻ സമേതി അവധിക്കാല ക്യാമ്പിൽ വച്ച് പ്രകാശനം ചെയ്യുന്നു. സമേതി ഡയറക്ടർ പി.എസ്. രാധാമണി, കൃഷി അഡീഷണൽ ഡയറക്ടർ എ.എം. സുനിൽകുമാർ, വി.എഫ്.പി.സി.കെ സി. ഇ.ഒ. എസ്.കെ.സുരേഷ് എന്നിവർ പങ്കെടുത്തു.

## ബയോടെക്നോളജി ലാബ് ശാക്തീകരിക്കും – കൃഷിമന്ത്രി



കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി & മോഡൽ ഫ്ളോറി കൾച്ചർ സെന്ററിനെ ഇന്ത്യയിലെ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു മാതൃകാ സ്ഥാപനമാക്കി ഉയർത്തികൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇന്നലെ രാവിലെ തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ലാബ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം.

2000-ൽ പ്രവർത്തനം ആരംഭിച്ച ലാബ്, അതിന്റെ പൂർണ്ണ ഉൽപാദനശേഷിയായ പ്രതിവർഷം 10 ലക്ഷം തൈകൾ എന്ന ലക്ഷ്യം കൈവരിച്ചിട്ടുള്ളതും, നിലവിൽ, കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള നടീൽ വിത്തുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന്, ഉൽപാദനശേഷി വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. ആയതിലേക്ക് ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തി പ്രതിവർഷ ഉൽപാദനം 10 ലക്ഷത്തിൽ നിന്നും 50 ലക്ഷമാക്കി ഉയർത്തുമെന്നും ആയതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ലാബിന്റെ നവീകരണ പ്രവർത്തനത്തിനാവശ്യമായ 5 കോടി രൂപ, ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ അനുവദിച്ചു നല്കും.

ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ കർഷക സമൂഹത്തിനും, തൽപരരായ മറ്റു വ്യക്തികൾക്കും പകർന്നു നൽകുന്നതിനു വേണ്ടി സ്ഥാപനത്തിനു അനുബന്ധമായി ഒരു പരിശീലന കേന്ദ്രം ഉടൻ തുടങ്ങുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളും.

സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ കർഷക സമൂഹത്തിന് ലഭ്യമാക്കുന്നതിലൂടെ, നടീൽ വസ്തുക്കളുടെ ഗുണനിലവാരം കാത്തു സൂക്ഷിക്കുന്നതിലും, അമിതവില ഈടാക്കുന്നതിൽ നിന്നും കർഷകരെ സഹായിക്കുന്നതിലും കാര്യക്ഷമമായ ഇടപെടീൽ വിപണിയിൽ നടത്താൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

# കർമ്മസേനകളുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കും

## അഡ്വ. വി.എസ്. സുനിൽകുമാർ

കാർഷിക കർമ്മസേനകൾ സംസ്ഥാനമൊട്ടാകെ രൂപീകരിച്ച് നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. കൃഷിവകുപ്പിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് അവതരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നെല്ല്, പച്ചക്കറി എന്നിവയുടെ വികസനത്തിനായി 137 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി കിട്ടുന്ന പദ്ധതികൾ ഇത്തവണ വളരെ നേരത്തേ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. തദ്ദേശസ്വയംഭരണ വകുപ്പുമായി ഏകോപിപ്പിച്ചായിരിക്കും കാർഷിക പദ്ധതികൾ നടപ്പിലാക്കുക. അടുത്ത 4 വർഷത്തിനകം നെൽകൃഷി 3 ലക്ഷം ഹെക്ടർ ആയി ഉയർത്തുന്നതായിരിക്കും. എല്ലാ കൃഷിഭവനുകളിലും നെൽവയൽ മാപ്പ് ഉടൻ തന്നെ തയ്യാറാക്കി നൽകാൻ മന്ത്രി നിർദ്ദേശം നൽകുകയുണ്ടായി. തൃശൂർ കോൾപ്പാടം ഉൾപ്പെടെ ആലപ്പുഴ, പാലക്കാട് ജില്ലകളിലെ ഒരുപൂ കൃഷിയിടങ്ങൾ ഇരുപൂ കൃഷി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വയനാടിനെ പരമ്പരാഗത നെല്ലിനങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. കരനെൽകൃഷി ഈ വർഷം പതിനായിരം ഹെക്ടർ സ്ഥലത്തുകൂടി വ്യാപിപ്പിക്കുന്നതാണ്. സുഗന്ധ നെല്ലിനങ്ങൾ കർഷകരിൽ നിന്നും കൂടുതൽ വില നൽകി സംഭരിച്ച് മറ്റുള്ളവർക്ക് കൃഷിയ്ക്കായി എത്തിക്കുന്നതാണ്. 3000 ഹെക്ടർ അധികമായി സുഗന്ധനെല്ലിനങ്ങൾ ഈ വർഷം കൃഷി ചെയ്യാൻ ഉദ്ദേശിച്ചിരിക്കുകയാണ്. പാലക്കാട് വരൾച്ചാ ദുരിതബാധിത കർഷകർക്ക് ഉടൻ തന്നെ നഷ്ടപരിഹാരം നൽകുന്നതാണ്. തരിശുനിലങ്ങളിൽ ഉഴുന്ന്, പയർ, എള്ള് എന്നിവ വ്യാപകമായി കൃഷിയിറക്കുന്നതായിരിക്കും. ഉപ്പുവെള്ളത്തിന്റെ പ്രശ്നം നേരിടുന്ന മേഖലകളിൽ പ്രതിരോധശേഷിയുള്ള നെല്ലിനങ്ങൾ വ്യാപിപ്പിക്കുന്നതിനും മന്ത്രി കൃഷി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.



പച്ചക്കറി കൃഷിയ്ക്ക് വിപണനം, കൂട്ടുകൃഷി എന്നിവ ശക്തിപ്പെടുത്തുന്നതിന് നൂതനപദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഗ്രാമചന്തകൾ പ്രോത്സാഹിപ്പിക്കുകയും ബ്ലോക്ക്തലത്തിൽ പ്രദർശനത്തോട്ടങ്ങൾ തയ്യാറാക്കുകയും ചെയ്യും. കഞ്ഞിക്കുഴി, പഴയന്നൂർ പോലുള്ള തെരെഞ്ഞെടുത്ത പഞ്ചായത്തുകളിൽ പച്ചക്കറിയുടെ മൊത്ത വിപണനം ശക്തിപ്പെടുത്തുന്നതായിരിക്കും.

ഈ വർഷം പൂക്കൃഷി, കൂൺ, പയർ വർഗങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇടുക്കി, വയനാട് കേന്ദ്രീകരിച്ച് ചക്ക ഉൾപ്പെടെയുള്ള ഫലവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. സംഘമൈത്രി മാതൃകയിലുള്ള വിപണനം എല്ലായിടത്തും നടപ്പിലാക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം ശാക്തീകരിക്കുകയും ചെയ്യും. കൂടാതെ അട്ടപ്പാടി കേന്ദ്രീകരിച്ച് 192 ആദിവാസി ഊരുകളിൽ ചെറുധാന്യങ്ങൾ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതായിരിക്കും.

392 കൃഷിഭവനുകളിൽ കേരഫെഡുമായി ചേർന്ന് പച്ച തേങ്ങ സംഭരണം പുനരാരംഭിക്കുന്നതാണ്. കുടിശ്ശികയുള്ള കർഷകപെൻഷൻ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ കർഷകരെയും പങ്കാളികളാക്കുവാൻ പ്രത്യേക ക്യാമ്പയിൻ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുന്നതിന് കൃഷിമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.

# പൊന്നാംവെളിതോട് – വെള്ളക്കെട്ട് നിവാരണ പദ്ധതി – ഉദ്ഘാടനം



**ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന പൊന്നാംവെളിതോട് വെള്ളക്കെട്ട് നിവാരണ പദ്ധതിയുടെ ഉദ്ഘാടനം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.വി.എസ്.സുനിൽ മാർ നിർവ്വഹിക്കുന്നു. ക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വത്സലാ തമ്പി, പട്ടണക്കാട് പഞ്ചായത്ത് പ്രസിഡന്റ് റ്റി.എം.ഷെരീഫ്, മണ്ണ് പര്യവേക്ഷണ-സംരക്ഷണ വകുപ്പ് ഡയറക്ടർ ജസ്റ്റിൻ മോഹൻ ഐ.എ.എസ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എസ്. മഞ്ജു തുടങ്ങിയവർ പങ്കെടുത്തു.**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന നാല് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒന്നായ പൊന്നാംവെളിതോട് വെള്ളക്കെട്ട് നിവാരണ പദ്ധതിയുടെ ഉദ്ഘാടനം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവ്വഹിച്ചു. പട്ടണക്കാട് പഞ്ചായത്ത് 5-ാം വാർഡിൽ ഉൾപ്പെടുന്ന പൊന്നാംവെളിതോട് വെള്ളക്കെട്ട് നിവാരണ പദ്ധതി പ്രാവർത്തികമാകുന്നതോടു കൂടി 100 ഹെക്ടർ കൃഷിയിടം സംരക്ഷിക്കുന്നതിനും 250 ഓളം കുടുംബങ്ങൾക്ക് അതിന്റെ ഗുണം ലഭിക്കുകയും ചെയ്യും. 105 ലക്ഷം രൂപയാണ് പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തരിശുനിലങ്ങൾ കണ്ടെത്തി പൂർണമായും കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി അറിയിച്ചു. കരിനില വികസന ഏജൻസിക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ വി.എസ്.പി.സി.കെ യോടു ചേർന്ന് ഓഫീസ് തയ്യാറാക്കുമെന്നും, നെൽകൃഷി ചെയ്യാതെ മത്സ്യകൃഷി മാത്രമായി നടത്തുന്ന പാടശേഖരസമിതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന മത്സ്യകൃഷിക്കുള്ള സബ്സിഡി സംബന്ധിച്ച് സർക്കാർ പുന:പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു.

ക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വത്സലാ തമ്പി, പട്ടണക്കാട് പഞ്ചായത്ത് പ്രസിഡന്റ് റ്റി.എം.ഷെരീഫ്, മണ്ണ് പര്യവേക്ഷണ-സംരക്ഷണ വകുപ്പ് ഡയറക്ടർ ജസ്റ്റിൻ മോഹൻ ഐ.എ.എസ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എസ്. മഞ്ജു തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ വച്ച് കേന്ദ്രാവിഷ്കൃത ഹെല്ത്ത് കാർഡിന്റെ വിതരണോദ്ഘാടനം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വത്സലാ തമ്പി നിർവ്വഹിച്ചു.



ചടങ്ങിനു ശേഷം കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ തുറവൂർ കരിനില വികസന ഏജൻസിയുടെ കീഴിൽ വരുന്ന പൊക്കാളിപ്പാടങ്ങൾ പൂർണ്ണമായും കൃഷി യോഗ്യമാക്കുന്നതിന് ജനപ്രതിനിധി കളുടേയും, വിവിധ വകുപ്പിലെ ഉദ്യോഗ സ്ഥരുടേയും, കർഷകരുടെയും സംയുക്ത യോഗം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു.

## കർഷക പെൻഷൻ കുടിശ്ശിക തുക അനുവദിച്ചു. കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ

സംസ്ഥാനത്തെ മൂന്നര ലക്ഷത്തിലധികം വരുന്ന കർഷകർക്കുള്ള എട്ട് മാസത്തെ കർഷക ക്ഷേമ പെൻഷൻ കുടിശ്ശിക ഉടൻ നൽകുമെന്നും ഇതിനായി 84 കോടി രൂപ അനുവദിച്ചു എന്നും കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു. ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ആധാർ ബന്ധിപ്പിച്ച കർഷകർക്കുള്ള പുതുക്കിയ പെൻഷൻ തുകയുടെ 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി 45 കോടി രൂപ കൂടി അനുവദിച്ചതായി കൃഷിമന്ത്രി അറിയിച്ചു. തിരുവനന്തപുരത്ത് സമേതിയിൽ കൂടിയ കൃഷിവകുപ്പിലെ ഉന്നതഉദ്യോഗസ്ഥരുടെ യോഗത്തിൽവച്ചാണ് കൃഷിമന്ത്രി ഇക്കാര്യം അറിയിച്ചത്.

## വിഷുക്കണി – 2017 (വിഷു – ഈസ്റ്റർ വിപണി) – കോഴിക്കോട് ജില്ലാതല ഉദ്ഘാടനം മേയർ നിർവ്വഹിച്ചു

വിഷുവിനോടനുബന്ധിച്ച് വിഷരഹിത നാടൻ പച്ചക്കറികൾ വിതരണം ചെയ്യാനുദ്ദേശിച്ച് കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി. എഫ്. പി. സി. കെ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച വിഷു-ഈസ്റ്റർ വിഷരഹിത നാടൻ പച്ചക്കറി വിപണികളുടെ-വിഷുക്കണി 2017– കോഴിക്കോട് ജില്ലാതല ഉദ്ഘാടനം 2017 ഏപ്രിൽ 12–ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വേങ്ങേരി മാർക്കറ്റിലെ സംഘമൈത്രി ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിൽ വെച്ച് ആരാധ്യനായ മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ നിർവ്വഹിച്ചു. ബഹു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. റീന മുണ്ടങ്ങോട്ട് അദ്ധ്യക്ഷയായിരുന്നു. കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം 3300 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമാണെന്നും വിപണിയെ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനും കർഷകർക്ക് പ്രോത്സാഹനമാകാനും ഇത്തരം ശ്രമങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വാർഡ് കൗൺസിലർ ശ്രീമതി. രതീദേവി, സി. പി. ഐ. ജില്ലാ സെക്രട്ടറി ശ്രീ. ടി. വി. ബാലൻ, കാർഷിക വികസന സമിതി അംഗം ശ്രീ. കെ. വി. കൃഷ്ണൻ കുട്ടി, സംഘമൈത്രി ചെയർമാൻ ശ്രീ. നാരായണൻ, കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീമതി. ജയശ്രീ, ഹോർട്ടികോർപ്പ് റീജിയണൽ മാനേജർ ശ്രീ. ഷാജി തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കൃഷി ഡപ്യൂട്ടി ഡയറക്ടർ (എൻ. ഡബ്ല്യു. ഡി. പി. ആർ. എ) ശ്രീമതി. പി. പ്രേമജ സ്വാഗതവും കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീമതി. ശുഭ നന്ദിയും പറഞ്ഞു.



# CMFRI develops seed production technology of high value species

· *Breakthrough in mariculture and export industry*

· *Seed production of one food fish named pink ear emperor and two marine ornamental varieties were successfully developed by CMFRI*

**Kochi:** In the first of its kind achievement in the world, the Central Marine Fisheries Research Institute (CMFRI) has successfully developed the seed production technology of a food fish, a marine ornamental fish and a marine ornamental shrimp which are commercially important and high value species in export market. The Vizhinjam Research Centre of the CMFRI developed the breeding technology of the food fish pink ear emperor, locally known as *yeri*, ornamental fish Marcia's anthias and ornamental shrimp named camel shrimp.

The successful development of captive brood stock and breeding of all these species is the first of its kind in the world. CMFRI developed the technology after two years' of continuous attempt using the Recirculating Aquaculture System (RAS) set up at the institute.

A scientific team led by Dr M K Anil, Scientist-in-charge of Vizhinjam Research Centre of CMFRI developed the breeding technology which is expected to boost the mariculture industry and seafood export as well.

## Food fish

The pink ear emperor (*Lethrinus lentjan* ), a high value food fish with superior flesh qualities and hardy nature, is a delicacy in the domestic market and has got a potential demand in global seafood markets too. This is a sought after food fish which attains a growth of up to 2 kg and fetches Rs. 400 to 600 per kg in the domestic market.



*Juvenile of camel shrimp produced at the CMFRI's hatchery*



*Brood stock of Marcia's anthias, a marine ornamental fish*



*Juveniles of pink ear emperor produced at the CMFRI's hatchery*

According to Dr M K Anil, in the wake of dwindling catch of the species, the breeding technology of pink ear emperor will help the country boost the production of the species through mariculture activities such as cage fish farming. "Presently the open sea cage farming in the country is restricted to three or four species of marine fish. With a better growth rate and standardised breeding technology, the pink ear emperor is going to be a candidate species among cage fish farmers", he said. "The technology has been standardised for scaling up of this species among interested farmers", he added.

## High Value Ornamental Fish

The seed production of Marcia's anthias *(Pseudanthias Marcia)*, which is a high value marine ornamental fish, is a great achievement as it exhibits a complicated breeding habits, Dr M K Anil said. "The species is one of the most expensive reef fishes traded in the marine aquarium export market and fetches around $ 30 per fish in international market", he said adding that standardisation of larval rearing protocol of this species was also developed at the Centre successfully.

"Anthias is species of fish which is present near coral and patchy reef areas. With the large-scale degradation of coral reefs this species is facing immense challenge with respect to its breeding habitats. The present technology developed by the CMFRI will also help the scientists to produce the fish seeds artificially

without disrupting its ecosystem", he said.

## Camel Shrimp

The hatchery production and larval rearing technology of the camel shrimp *(Rhynchocinetes durbanensis)* was also developed at the CMFRI. The shrimp grows up to 4-5 cm in length and fetches $10-12 in the international market and in the local market it is sold at Rs.500-700 per piece.

Red and white lines on a translucent body with many white spots make the shrimp a hot pick among the aquarium hobbyists as well as traders.



*Brood stock of camel shrimp, a marine ornamental fish.*

"There are no published reports of successful captive breeding of the shrimp available so far" Dr Anil said. He pointed out that the trade of camel shrimp, which is found in crevices in the coastal waters, is entirely based on wild caught ones. "CMFRI's seed production technology will enrich the existing trades of marine ornamentals", he said.

***Media Cell, CMFRI***

# റബ്ബർ– ഉത്പാദനലക്ഷ്യം കവിഞ്ഞു

ഇന്ത്യയിലെ കഴിഞ്ഞവർഷത്തെ റബ്ബറുത്പാദനം 6,90,000 ടണ്ണായിരുന്നു എന്നു കണക്കാക്കിയിരിക്കുന്നു. ഉത്പാദനലക്ഷ്യം 6.54 ലക്ഷം ടൺ ആയിരുന്നു. ഇത് 2015–16 വർഷത്തെ അപേക്ഷിച്ച് 22.78 ശതമാനം വർദ്ധനയാണ് കാണിക്കുന്നത്. 2017 മാർച്ചുമാസത്തിൽ കഴിഞ്ഞവർഷം ഇതേ മാസത്തെ അപേക്ഷിച്ച് 66.7 ശതമാനം കൂടുതൽ ഉത്പാദനം നടന്നതായും റബ്ബർബോർഡ് അറിയിച്ചു. 2017 മാർച്ചുമാസത്തെ ഉത്പാദനം 55,000 ടൺ ആയിരുന്നു. 2016 മാർച്ചിൽ ഉത്പാദനം 33,000 ടൺ മാത്രമായിരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർകയറ്റുമതിയിലും വർദ്ധനയുണ്ടായി. 20,010 ടൺ റബ്ബറാണ് കയറ്റുമതി ചെയ്തത്. അന്താരാഷ്ട്രവില ഉയർന്നുനിന്നതാണ് ഇതിനു കാരണമായത്. 2015–16 ൽ 865 ടൺ റബ്ബർ മാത്രമായിരുന്നു കയറ്റുമതി. 2017 മാർച്ചുമാസത്തിലെ കയറ്റുമതി 4562 ടണ്ണും 2016 മാർച്ചിൽ 33 ടണ്ണുമായിരുന്നു.

റബ്ബർവിലയിലെ വർദ്ധനയും ഉത്പാദനം വർദ്ധിപ്പിക്കാനായി ബോർഡ് നടത്തുന്ന ശ്രമങ്ങളും ഉത്പാദനവർദ്ധനയ്ക്ക് കാരണമായിട്ടുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ കർഷകർ വിശ്വാസത്തിലെടുക്കുകയും ടാപ്പുചെയ്യാതെ കിടന്ന തോട്ടങ്ങൾ ടാപ്പുചെയ്യുകയും ചെയ്തു. 'പ്രധാൻമന്ത്രി കൗശൽ വികാസ് യോജന' (പി.എം.കെ.വി.വൈ.) പദ്ധതിപ്രകാരം ടാപ്പർമാർക്കും സംസ്കരണമേഖലയിൽ പ്രവർത്തിക്കുന്നവർക്കുമായി നടത്തിയ പ്രത്യേക പരിശീലന പരിപാടികളിൽ 10,000 ത്തോളം പേർ പങ്കെടുത്തു. രണ്ടാംഘട്ടത്തിൽ കേരളത്തിലും ത്രിപുരയിലും അസ്സമിലുമായി 22,000 പേർക്ക് പരിശീലനം നൽകാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്.

റബ്ബർബോർഡ് കാലങ്ങളായി നടത്തിവരുന്ന വാർഷിക തീവ്രപ്രചാരണപരിപാടി ഈ വർഷം ഏപ്രിൽ 17 മുതൽ മെയ് 26 വരെയുള്ള കാലയളവിൽ നടക്കും. തോട്ടങ്ങളുടെ സമഗ്രമായ മികവിനുള്ള മാർഗ്ഗങ്ങളാണ് ഈ വർഷം ചർച്ച ചെയ്യുന്നത്. കഴിഞ്ഞയാഴ്ചവരെ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ച 200 മീറ്റിങ്ങുകളിൽ 5000–ഓളം പേർ പങ്കെടുത്തു. മെയ് 26–നകം കുറഞ്ഞത് അറുപതിനായിരം പേരുമായിട്ടെങ്കിലും നേരിട്ട് സംവദിക്കാനാണ് റബ്ബർബോർഡ് ഉദ്ദേശിക്കുന്നത്. മണ്ണുജലസംരക്ഷണം, ഓൺലൈൻ വളപ്രയോഗ ശുപാർശ (റബ്സിസ്), ഇടവിളക്കൃഷി, പ്രധാൻമന്ത്രി കൗശൽ വികാസ് യോജന പ്രകാരം നടപ്പാക്കിവരുന്ന നൈപുണ്യ വികസനപരിപാടികൾ, ആഴ്ചയിലൊരു ടാപ്പിങ്, റെയിൻഗാർഡിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട് തുടങ്ങിയ വിഷയങ്ങളും പ്രാദേശികമായി പ്രാധാന്യമുള്ള മറ്റു വിഷയങ്ങളും ഈ കർഷകസമ്പർക്കപരിപാടികളിൽ ചർച്ചചെയ്യപ്പെടും. ഈ ആശയങ്ങൾ നടപ്പാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തുകയും പ്രാദേശികമായിത്തന്നെ പരിഹരിക്കുകയും ചെയ്യാനുള്ള നടപടികൾ യോഗത്തിൽ ഉണ്ടാകും



## വിവരസാങ്കേതിക വിദ്യ കർഷകക്ഷേമത്തിന് – മന്ത്രി കെ. രാജു

വിവരസാങ്കേതിക വിദ്യയുടെ നൂതന മാർഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ ഇനി കൈയ്യെത്തും ദൂരത്ത് ലഭ്യമാക്കുവാൻ വകുപ്പ് തയാറെടുക്കുകയാണ്. ഇതിന്റെ ഭാഗമായി 1250 ടാബ്‌ലെറ്റുകൾ ഫീൽഡ്തല ഉദ്യോഗസ്ഥരായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകുന്ന ചടങ്ങിന്റെ ഉദ്ഘാടനം മന്ത്രി അഡ്വ. കെ. രാജു തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസറുടെ കാര്യാലയത്തിൽ വച്ച് നിർവ്വഹിച്ചു. കൃത്രിമ ബീജ സങ്കലനത്തിന്റെ വിവരങ്ങൾ ഇനി ഡിജിറ്റൽ രൂപത്തിൽ റെക്കോർഡ് ചെയ്യപ്പെടും. കൃത്യമായ നിരീക്ഷണം ഇതിനുണ്ടാകും. കൃത്രിമ ബീജ സങ്കലനം നടത്തേണ്ട സമയം ഇനി മുതൽ കൃത്യമായി കർഷകനും, വകുപ്പ് ഉദ്യോഗസ്ഥർക്കും ലഭ്യമാകും.




## തിരിനന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലായി നടപ്പിലാക്കുന്ന നൂതന കൃഷിരീതിയായ തിരിനന പദ്ധതിയുടെ എറണാകുളം ജില്ലാതല ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ മേയർ സൗമിനി ജയിൻ നിർവ്വഹിച്ചു. ആദ്യഘട്ടമെന്നുള്ള നിലയിൽ കോർപ്പറേഷനിലും അനുബന്ധ മുൻസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. 30 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി ചിലവ് വരുന്ന 8000 രൂപയിൽ 6000 രൂപ സബ്സിഡിയായും 2000 രൂപ ഗുണഭോക്തൃവിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം കൃഷി ഡെപ്യൂട്ടി ഡയറക്ടർ ലിൻസി സേവ്യറിന്റെ അദ്ധ്യക്ഷതയിൽ പൊന്നുരുന്നി സഹൃദയ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് നടന്ന ചടങ്ങിൽ വാർഡ് കൗൺസിലർ അജി ഫ്രാൻസിസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ ശ്രീലത.പി, ജിജി എലിസബത്ത് ക്ലാര ഫ്രാൻസിസ്, റോസ്മേരി ജോയ്സ്, സഹൃദയ ഡയറക്ടർ ഫാ. പോൾ ചെറുപിള്ളി തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിനോടനുബന്ധിച്ച് നടന്ന സെമിനാറിൽ തവനൂർ പി.എഫ്.ഡി.സി പ്രൊഫസർ & ഹെഡ് ഡോ. അബ്ദുൾ ഹക്കീം പങ്കെടുത്തു. പാമ്പാക്കുട കാർഷിക കർമ്മസേനയാണ് തിരിനന യൂണിറ്റുകൾ സ്ഥാപിക്കുന്നത്. താൽര്യ മുള്ളവർക്ക് കണ്ട് മനസ്സിലാക്കുന്നതിനായി സഹൃദയ സൊസൈറ്റിയിൽ തിരിനനയുടെ മാതൃകാ യൂണിറ്റ് തയ്യാറാക്കിയിട്ടുണ്ട്.




| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | - എ.എം. സുനിൽകുമാർ | | |
| എഡിറ്റർ | - നീന ബി. | ഫോട്ടോ | - മഹേഷ് പ്രാവച്ചമ്പലം, പ്രദീഷ് ഒളവിലം |
| അസോ. എഡിറ്റർ | - ഡോ. ടി.വി. രാജേന്ദ്രലാൽ | | |
| അസി. എഡിറ്റർ | - വിഷ്ണു എസ്.പി. | ഡി.റ്റി.പി. & ലേ ഔട്ട് | - ദീപക് മൗത്താട്ടിൽ |
| | - ഡോ. പി. സെൽവ കുമാർ | | |

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by A.M. Sunilkumar , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: Neena B.